**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1842** **05-07-2022 - ൽ മറുപടിയ്ക്ക്**

**ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനുമായി നിരവധി നിർദ്ദേശങ്ങളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നയത്തിന്റെ ഭാഗമായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പടെയുള്ള രേഖകൾ ഓഫീസിൽ സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കി പൂർണ്ണമായും ഓൺലൈൻ അപേക്ഷകളുടെ അടിസ്ഥാനത്തിൽ സേവനങ്ങൾ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ 18.12.2021-ലെ 21/2021 നമ്പർ സർക്കുലർ മുഖേനയും, ഓൺലൈൻ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 23.10.2021-ലെ 19/2021 നമ്പർ സർക്കുലർ മുഖേനയും നൽകിയിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള ഓഫീസുകൾ പൊതുജന സൗഹാർദ്ദപരമാക്കുന്നതിന് 24.08.2021-ലെ 17/2021 നമ്പർ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഫീസ് നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഓഫീസുകളിലെ ഏജന്റുമാരുടെ അനാവശ്യ ഇടപെടലുകൾ തടയുന്നതിനും, കൗണ്ടറുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനുമായി 03.07.2013-ലെ 16/2013 നമ്പർ സർക്കുലർ മുഖേന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | കൈക്കൂലിയും ഏജന്റുമാരെയും ഒഴിവാക്കാൻ സാധിക്കുന്ന സ്ഥിതി സംജാതമായിട്ടുണ്ടോ; പ്രസ്തുത ഓഫീസുകൾ ആധുനികവത്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കൈക്കൂലി ഒഴിവാക്കുന്നതിനും ഏജന്റുമാരെ നിയന്ത്രിക്കുന്നതിനുമായി വകുപ്പിൽ നിന്ന് നിരവധി നിർദ്ദേശങ്ങളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. പരമാവധി സേവനങ്ങൾ ഓൺലൈനായി ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിൽ |

| | | | |
|---|---|---|---|
| | | | വരുത്തിയിട്ടുണ്ട്. കൂടാതെ പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ സംവിധാനത്തിലൂടെ നടത്തി വരുന്നു. നിലവിൽ 11 സേവനങ്ങൾക്ക് ഫേസ് ലെസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് സേവനങ്ങൾക്കും ഫേസ് ലെസ് സംവിധാനം തയ്യാറാക്കാനുള്ള നടപടികൾ നടന്നു വരുന്നു. മുൻകൂർ വാഹന പരിശോധന ഒഴികെയുള്ള സേവനങ്ങളിൽ, കഴിയുന്നത്ര ഓൺലൈനായി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലും ഉപഭോക്തൃ സൗഹൃദമായും പരിഷ്കരിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു. |
| (സി) | മാനന്തവാടിയിൽ ആർ.ടി. ഓഫീസ് ജീവനക്കാരിയെ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ കോഴിക്കോട് (ഉത്തരമേഖല) ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ അന്വേഷണം നടത്തുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഓഫീസിൽ കൈക്കൂലി വാങ്ങാൻ കൂട്ട് നിൽക്കാത്തതിനാൽ ഉദ്യോഗസ്ഥർ ഒറ്റപ്പെടുത്തിയതിനെ തുടർന്നാണ് ജീവനക്കാരി ആത്മഹത്യ ചെയ്തതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഇ) | ആഫീസുകളിൽ കൂടുതൽ ജാഗ്രത പുലർത്തുവാൻ മേലധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ